**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4046** **28-06-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര താലൂക്ക് ആശുപത്രി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ കെട്ടിട നിർമ്മാണത്തിന് സഉ.(സാധാ) നം.1040/ 2019 ആകു.വ. തീയതി 4/5/2019 പ്രകാരം 77.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി INKEL ആണ്. കെട്ടിട നിർമ്മാണത്തിനായി സ്ഥല പരിമിതി ഉള്ളതിനാൽ സമീപത്തുള്ള സി.കെ.ജി. കോളേജിന്റെ രണ്ട് ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ സ്ഥലത്തെ ട്രാൻസ്ഫോർമർ മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയാറാക്കുന്നതിനും പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ നിർവ്വഹണ ഏജൻസി തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയ്ക്ക് സി. കെ. ജി. കോളേജിന്റെ ഭൂമി വിട്ടു കിട്ടുന്നതിന്റെ നടപടി ഏത് ഘട്ടത്തിലാണ്; | (ബി) | സി.കെ.ജി. കോളേജിന്റെ ഭൂമി വിട്ടുകിട്ടുന്നതിനായി കോളേജ് വിദ്യാഭാസ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ആശുപത്രി കെട്ടിടം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രവൃത്തി ആരംഭിച്ച് 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തികരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ